**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329 22.08.2017-ൽ മറുപടിയ്ക്ക്

## ജുഡീഷ്യൽ കമ്മീഷനുകൾ

| | **ചോദ്യം**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**,, സി. ദിവാകരൻ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, മുഹമ്മദ് മുഹസിൻ പി** | | **ഉത്തരം**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ജുഡീഷ്യൽ കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആഭ്യന്തരവകുപ്പ് നിയമിച്ച അഞ്ച് ജുഡീഷ്യൽ കമ്മീഷനുകളും മത്സ്യബന്ധന തുറമുഖ വകുപ്പ് നിയമിച്ച ഒരു ജുഡീഷ്യൽ കമ്മീഷനും നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ<br>2. കോട്ടയം മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത സിബി എന്ന യുവാവിന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് ഡി. ശ്രീവല്ലഭൻ അന്വേഷണ കമ്മീഷൻ<br>3. പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ഗോപിനാഥൻ കമ്മീഷൻ<br>4. 20 ജൂലായ് 2016-ന് കേരള ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ പോലീസ് ലാത്തിചാർജിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് പി.എ. മുഹമ്മദ് അന്വേഷണ കമ്മീഷൻ<br>5. 26.03.2017-ന് മംഗളം ചാനലിൽ സംപ്രേക്ഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ്. പി.എസ്. ആന്റണി കമ്മീഷൻ.<br>6. വിഴിഞ്ഞം കരാർ സംസ്ഥാന താൽപര്യങ്ങൾക്കെതിരാണെന്ന, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാറിനെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ. |
| (ബി) | ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (ബി) | 1952 ലെ കമ്മീഷൻ ഓഫ് ഇൻക്വയറി ആക്ടിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) മൂന്നാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചാണ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ആരേയും കുറ്റപ്പെടുത്താത്തതും പൊതുജന നന്മമാത്രം ലക്ഷ്യമാക്കിയും നൽകിയിട്ടുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ പോലും നടപ്പാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ അന്വേഷണ കമ്മീഷന്റെ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും കൃത്യമായി പരിശോധിച്ച് വിലയിരുത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | കേരളത്തിലെ പ്രധാന റോഡുകളിലെ അപകടസാധ്യത കൂടിയ 761 ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാട്ടിയ ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ടിന്മേൽ, റോഡപകടങ്ങൾ തടയുന്നത് സംബന്ധിച്ച എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിലെ പ്രധാന റോഡുകളിലെ അപകടസാധ്യത കൂടിയ 761 ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാട്ടിയ ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്ന പൊതുമരാമത്ത് നിരത്തുകളും, പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിലെ നിരത്തുകളും, പാലങ്ങളും വിഭാഗങ്ങളും എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് നിർദ്ദേശം നൽകിയതിൻപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ